സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രൊസീഡിംഗ്സ്

## സംഗ്രഹം

തിരുവിതാംകൂർ ദേവസ്വം ബോർഡ് – പതിനൊന്നാം ശമ്പളപരിഷ്ക്കരണ അനോമലി കമ്മിറ്റിയുടെ റിപ്പോർട്ട് സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉത്തരവ് നമ്പർ: **ROC 2191/21/Est-I** നന്തൻകോട്, **19/09/2023**

---

പരാമർശം :– ദേവസ്വം കമ്മീഷണറുടെ 21–08–2023 ലെ ROC 4343/21/Est-A നമ്പർ റിപ്പോർട്ട്.

## ഉത്തരവ്

തിരുവിതാംകൂർ ദേവസ്വം ബോർഡിലെ പതിനൊന്നാം ശമ്പള പരിഷ്ക്കരണ അനോമലി കമ്മിറ്റി മുമ്പാകെ ലഭിച്ച നിവേദനങ്ങൾ പരിശോധിക്കുന്നതിലേക്കായി ചേർന്ന യോഗത്തിന്റെ മിനിറ്റ്സ് ഉള്ളടക്കം ചെയ്തുകൊണ്ടുള്ള പരാമർശ റിപ്പോർട്ട് ലഭിച്ചു.

മരാമത്ത് വിഭാഗത്തിലെ അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ ശമ്പളസ്കെയിൽ അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർമാരുടെ ശമ്പളസ്കെയിലിന് തുല്യമാക്കണമെന്ന നിവേദനം പരിശോധിച്ചതിൽ അസിസ്റ്റന്റ് എഞ്ചിനീയർമാർക്ക് സർക്കാർ പൊതുമരാമത്ത് വകുപ്പിലേതിന് തുല്യമായ ശമ്പള സ്കെയിൽ അനുവദിച്ചിട്ടുള്ളതിനാൽ ശമ്പളസ്കെയിലിൽ മാറ്റം വരുത്തേണ്ടതില്ലെന്ന് ശുപാർശ ചെയ്യുന്നതിനും, ഡ്രൈവർമാരുടെ PTA 2000/– രൂപയിൽ നിന്നും 2500/– രൂപയായി വർദ്ധിപ്പിക്കുന്നതിന് ശുപാർശ ചെയ്യുന്നതിനും, മുൻ ശമ്പള പരിഷ്കരണ ഉത്തരവിൽ പാർട്ട്ടൈം ജീവനക്കാർക്ക് അനുവദിച്ചിരുന്ന HRA നിലവിൽ ഒരു വിഭാഗം പാർട്ട്ടൈം ജീവനക്കാർക്ക് മാത്രമായി പരിമിതപ്പെടുത്തിയിട്ടുള്ളത് പുനപരിശോധിക്കണമെന്ന നിവേദനം പരിശോധിച്ചതിൽ സർക്കാർ സർവ്വീസിലെ പാർട്ട്ടൈം ജീവനക്കാർക്കും തിരുവിതാംകൂർ ദേവസ്വം ബോർഡിലെ പാർട്ട്ടൈം കണ്ടിജന്റ് ജീവനക്കാർക്കും വീട്ടുവാടക ബത്ത അനുവദിച്ചില്ലാത്തതും ആകയാൽ ക്ഷേത്ര ജീവനക്കാരിൽ ഒരു നേരം മാത്രം ജോലി നോക്കുന്ന പാർട്ട്ടൈം വിഭാഗത്തിന് HRA അനുവദിക്കണമെന്ന ആവശ്യം പരിഗണിക്കേണ്ടതില്ലെന്ന് ശുപാർശ ചെയ്യുന്നതിനും തീരുമാനിച്ചിട്ടുള്ളതായി മിനിറ്റ്സിൽ രേഖപ്പെടുത്തിയിട്ടുള്ളതാണ്.

പ്രസ്തുത മിനിറ്റ്സ് ബോർഡ് വിശദമായി പരിശോധിച്ചു.

ആയതിലെ ശുപാർശകൾ അംഗീകരിച്ച് ചുവടെ വിവരിക്കും പ്രകാരം ഉത്തരവാകുന്നു.

- അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ നിലവിലെ ശമ്പളസ്കെയിൽ പുനഃക്രമീകരിക്കേണ്ടതില്ല.
- ഡ്രൈവർമാരുടെ PTA 2000/- രൂപയിൽ നിന്നും 2500/- രൂപയായി വർദ്ധിപ്പിക്കുന്നു.
- ഒരു നേരം മാത്രം ജോലി നോക്കുന്ന പാർട്ട്ടൈം ക്ഷേത്ര ജീവനക്കാർക്ക് HRA അനുവദിക്കേണ്ടതില്ല.

തിരുവിതാംകൂർ ദേവസ്വം ബോർഡിനുവേണ്ടി

(ഒപ്പ്)
സെക്രട്ടറി

പകർപ്പ് :-

1. എല്ലാ ഡിപ്പാർട്ട്മെന്റ്/ആഫീസ് മേധാവികൾക്കും
2. ഐ.റ്റി. സെക്ഷൻ
3. സെക്ഷൻ ഫയൽ
4. ഫയൽ ബുക്ക്
5. ഫെയർ ആഫീസ് കോപ്പി.

അംഗീകാരത്തോടെ/പുറപ്പെടുവിക്കുന്നത്

അസിസ്റ്റന്റ് സെക്രട്ടറി

SK